നടപടി ക്രമം
അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി, എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം-10
(ഹാജർ : മേജർ ജനറൽ ജെ.എസ് മങ്കട്ട്, വി.എസ്.എം)

**എൻ .സി. സി ജീവനക്കാര്യം : ലാസ്റ്റ് ഗ്രേഡ് സർവന്റ് - ചൗക്കിദാർ ഗ്രേഡ്-II പുനർനിയമനം അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

നമ്പർ. 6047/എ2/II - എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി: 29 ഡിസംബർ 2023

സൂചന :
(1) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പാലാക്കാട് ജില്ലാ ഓഫീസറുടെ 23.10.2020 തീയതിയിലെ പി II(1) 846/17-1 നമ്പർ നിയമന ശുപാർശ.

(2) ഇതേ ഓഫീസിലെ 19.11.2020 തീയതിയിലെ 2726/എ2/II-എസ്റ്റാ/2017/ എൻ.സി.സി നമ്പർ നിയമന ഉത്തരവ്.

(3) പൊതു ഭരണ (സർവ്വീസസ്-എച്ച്) വകുപ്പിന്റെ 05.10.2021 തീയതിയിലെ എസ്.എച്ച്1/115/2022-പൊ.ഭ.വ നമ്പർ നിയമന ഉത്തരവ്.

(4) 28 കേരള ബറ്റാലിയൻ എൻ.സി.സി, ഒറ്റപ്പാലത്തിന്റെ 10.11.2021 തീയതിയിലെ 602/എസ്റ്റാ നമ്പർ വിടുതൽ ഉത്തരവ്.

(5) പൊതു ഭരണ (സർവ്വീസസ്-എച്ച്) വകുപ്പിന്റെ 18.07.2022, 30.11.2022 തീയതികളിലെ എസ്.എച്ച്1/115/2022-പൊ.ഭ.വ നമ്പരായ കത്തുകൾ

## ഉത്തരവ്

1. സൂചന 1 പ്രകാരം ശ്രീ ഷാഹൽ ഹമീദ് കെ, ലാസ്റ്റ് ഗ്രേഡ് സർവന്റ് - ചൗക്കിദാർ ഗ്രേഡ്-II തസ്തികയിൽ ഈ വകുപ്പിൽ നിയമന ശുപാർശ ലഭിക്കുകയും സൂചന 2 പ്രകാരം നിയമന ഉത്തരവ് നൽകുകയുണ്ടായി. ടിയാൻ പ്രസ്തുത തസ്തികയിൽ 11.12.2020 തീയതിയിൽ 28 കേരള ബറ്റാലിയനിൽ ചൗക്കിദാർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. സൂചന 3 പ്രകാരം പൊതു ഭരണ വകുപ്പിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ്-II തസ്തികയിൽ പുതിയ നിയമനം ലഭിച്ചതിനാൽ ടിയാന്റെ അപേക്ഷപ്രകാരം സൂചന 4 പ്രകാരം 11.11.2021 തീയതിയിൽ ഈ വകുപ്പിൽ നിന്ന് വിടുതൽ വാങ്ങി സെക്യൂരിറ്റി ഗാർഡ് ഗ്രേഡ്-II തസ്തികയിൽ പ്രവേശിക്കുകയും ചെയ്തു.

2. സൂചന 5 പ്രകാരം കെ.എസ് & എസ്.എസ്.ആർ, ഭാഗം-II - ലെ ചട്ടം-8 - ലെ വ്യവസ്ഥകൾ പ്രകാരം മാതൃ വകുപ്പിലേക്ക് ടിയാനെ തിരികെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടിയാന്റെ അപേക്ഷ പ്രകാരം പൊതു ഭരണ (സർവ്വീസസ്-എച്ച്) വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.

3. മേൽ സാഹചര്യത്തിൽ 27 കേരള ബറ്റാലിയൻ എൻ.സി.സി, പാലക്കാട് ചൗക്കിദാർ ഗ്രേഡ്-II തസ്തികയിൽ തസ്തികമാറ്റം വഴി വന്ന ഒഴിവിലേക്ക് ശ്രീ ഷാഹൽ ഹമീദ് കെ - യ്ക്ക് പുനർ നിയമനം നൽകി ഉത്തരവാകുന്നു. ഈ ഉത്തരവ് കൈപ്പറ്റി **15 ദിവസങ്ങൾക്കുള്ളിൽ കമാണ്ടിംഗ് ഓഫീസർ, 27 കേരള ബറ്റാലിയൻ എൻ.സി.സി, പാലക്കാട്** മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 15 ദിവസങ്ങൾക്കുള്ളിൽ റിപ്പോർട്ട് ചെയ്യാതിരിക്കുകയും, സർവ്വീസിൽ പ്രവേശിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെടാതിരിക്കുകയും ചെയ്താൽ പ്രസ്തുത ഒഴിവ് പുതിയ നിയമന ശുപാർശക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അറിയിക്കുന്നതായിരിക്കും.

4. ഡ്യൂട്ടിക്കായി റിപ്പോർട്ട് ചെയ്യുമ്പോൾ നിലവിൽ ജോലി ചെയ്യുന്ന വകുപ്പിൽ നിന്നുള്ള വിടുതൽ ഉത്തരവ് ഹാജരാക്കേണ്ടതാണ്. ബാക്കി നടപടികൾ കെ.എസ് & എസ്.എസ്.ആർ, ഭാഗം-II - ലെ ചട്ടം-8 - ലെ വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കുന്നതാണ്.

ഒപ്പ്/- x x x
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ് :-

ഷാഹൽ ഹമീദ് കെ
പാണ്ടാരംകോട് വീട്
കോരഞ്ചിറ പി. ഒ
പാലാക്കാട് - 678684
} രജിസ്റ്റേർഡ് പോസ്റ്റ്

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതു ഭരണ (സർവ്വീസ്സ്-എച്ച്) വകുപ്പ്
} ആമുഖ കത്ത് സഹിതം

കമാണ്ടിംഗ് ഓഫീസർ
27 കേരള ബറ്റാലിയൻ എൻ.സി.സി
പാലക്കാട്

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേർഴ്സ്
കോഴിക്കോട്

അംഗീകാരത്തോടെ

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram-10

എൻ.സി.സി ഡയറക്ടറേറ്റ്
സംസ്ഥാന വിഭാഗം
തിരുവനന്തപുരം-10
കേരളവും ലക്ഷദ്വീപും

Internal:- IT,A3,File,SF&CC